**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 525** **09-06-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri K. Radhakrishnan<br>(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിരിച്ചിട്ടുള്ളത്; | (എ) | മുൻ സർക്കാർ ആരംഭിച്ച പദ്ധതികളുടെ തുടർച്ച എന്ന രീതിയിൽ പട്ടികവർഗ്ഗക്കാർക്ക് വരുമാനദായക പദ്ധതികൾക്ക് മുൻതൂക്കം നൽകിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ സ്വന്തം ഭൂമിയിൽ കാർഷിക വരുമാനം അടിസ്ഥാനമാക്കിയിട്ടുള്ള പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. നൈപുണ്യവികസനത്തിലൂടെ ആധുനിക തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന തൊഴിൽ അവസരങ്ങൾ പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആധുനിക തൊഴിൽ മേഖലയിൽ വസ്ത്ര നിർമ്മാണം, ഏവിയേഷൻ, ഹോട്ടൽ മാനേജ്മെൻറ് തുടങ്ങിയവയ്ക്ക് പരിശീലനം നൽകുന്ന നൈപുണ്യ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. പ്രത്യേക കേന്ദ്ര സഹായം ഉപയോഗിച്ചുള്ള സ്വയം തൊഴിൽ സംരംഭങ്ങളും ഇതോടൊപ്പം ആരംഭിക്കുന്നു.പട്ടികവർഗ്ഗ മേഖലയെ പ്രത്യേകം ക്ലസ്റ്ററുകളാക്കി തിരിച്ചിട്ടുള്ള വിവിധ തൊഴിൽ പദ്ധതികളും ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാർ പൊതു മേഖലാസ്ഥാപനങ്ങളുടെ സഹകരണത്തോടെ മറ്റു പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. ആധുനിക തൊഴിൽ മേഖലപോലെതന്നെ പ്രാധാന്യം കൊടുത്തുകൊണ്ട് കെട്ടിട നിർമ്മാണം, പ്ലംബിംഗ്, പെയിന്റിംഗ് തുടങ്ങിയ മേഖലകളിലും പരിശീലനം നൽകി വരുന്നു. ഇത്തരം പണികൾ പഠിച്ചവരെകൊണ്ട് തന്നെ പട്ടികവർഗ്ഗ മേഖലയിലെ കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനാൽ അവർക്ക് സ്ഥിരമായ തൊഴിൽ ഉറപ്പക്കാനും സാധിക്കും. ഇങ്ങനെ പാരമ്പര്യവും പാരമ്പര്യേതര മേഖലകളിലും തൊഴിൽ അവസരങ്ങൾ സൃഷ്ടിച്ച് അവർക്ക് സ്ഥിര വരുമാനം ഉറപ്പാക്കുന്നതിലൂടെ അവരുടെ ജീവിത രീതി മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഓരോ പദ്ധതിയിലും എത്ര പേർക്ക് തൊഴിൽ നല്കാൻ സാധിച്ചു എന്ന് വിശദമാക്കാമോ? | (ബി) | നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട് ഗോത്ര ജീവിക പദ്ധതിയിലൂടെ 1050 പേർക്കും കാർഷിക പ്രവർത്തനങ്ങൾക്ക് ഇടുക്കി, വയനാട് ജില്ലകളിലായി 2500 പേർക്കും പാലക്കാട് ജില്ലയിൽ നമത്ത് വെള്ളാമെ പദ്ധതിയിലൂടെ 1208 പേർക്കും പുതതായി പരിശീലനം നൽകി കാർഷിക പരിപാടികൾ നടത്തുന്നതാണ്. ആധുനിക തൊഴിൽ മേഖലയിൽ 220 പേർക്ക് പരിശീലനം നൽകുന്നതിന് ലക്ഷ്യം വയ്ക്കുന്ന പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ഭൂരിപക്ഷം പദ്ധതികളും പ്രാരംഭദിശയിൽ ആകയാൽ ഗുണഭോക്താക്കളുടെ എണ്ണം പൂർണ്ണമായി കണക്കാക്കിയിട്ടില്ല . |

സെക്ഷൻ ഓഫീസർ